# കേരള സർവകലാശാല

## ഒന്നാം വർഷ ബിരുദ പ്രവേശനം 2024-2025

### ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- പ്രോസ്പെക്ടസ് വിശദമായി വായിച്ചതിനുശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുക.

- ഓൺലൈൻ അപേക്ഷാഫോറത്തിലെ എല്ലാ വിവരങ്ങളും ശ്രദ്ധയോടെയും കൃത്യതയോടെയും പൂരിപ്പിക്കുക.

- രജിസ്ട്രേഷൻ നടപടികളിലെ ആദ്യഘട്ടം അപേക്ഷാ നമ്പറും പാസ്സ് വേർഡും ജനറേറ്റ് ചെയ്യുക എന്നുള്ളതാണ്. ഇതിനായി വെബ്സൈറ്റിലെ (https://admissions.keralauniversity.ac.in) "Click Here to Apply" എന്നുള്ള ലിങ്കിൽ ക്ലിക്ക് ചെയ്യുക ഇവിടെ അപേക്ഷാർത്ഥിയുടെ പേര്, ജനന തീയതി (എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിലേത് പോലെയും) പരീക്ഷാ ബോർഡ്, രജിസ്റ്റർ നമ്പർ, പാസ്സായവർഷം എന്നിവ (പ്ലസ് 2 മാർക്ക് ലിസ്റ്റിലേത് പോലെയും) നൽകി സബ്മിറ്റ് ചെയ്യുക. അപ്പോൾ അപേക്ഷാനമ്പർ, പാസ്സ് വേഡ് എന്നിവ ലഭിക്കും ജനന തീയതി (DD/mm/yyyy ഫോർമാറ്റിൽ) ആയിരിക്കും ഡിഫോൾട്ട് പാസ്‌വേഡായി ലഭിക്കുന്നത്.

- അപേക്ഷാനമ്പറും പാസ്‌വേഡും ജനറേറ്റ് ചെയ്തു കഴിഞ്ഞാൽ ഓൺലൈൻ അപേക്ഷാ ഫോറം പൂരിപ്പിക്കുന്നതിലേക്കായി പ്രൊഫൈലിൽ ലോഗിൻ ചെയ്യുക.

1. **പ്രൊഫൈൽ രജിസ്ട്രേഷൻ:**

എട്ട് ഘട്ടങ്ങളായാണ് പ്രൊഫൈൽ രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടത്. (പ്രോസ്പെക്ടസ് ഖണ്ഡിക 6 കാണുക)

- Keralite: കേരളീയൻ അല്ലാത്തവർ സംവരണ ആനുകല്യങ്ങൾക്ക് അർഹരല്ല ആയതിനാൽ കേരളീയനാണോ അല്ലയോ എന്ന വിവരം ( Are you keralite? ) എന്ന ഭാഗത്ത് കൃത്യമായി നൽകുക (പ്രോസ്പെക്ടസ് ഖണ്ഡിക5.1)

- ഓൺലൈൻ അപേക്ഷയിൽ നൽകുന്ന മൊബൈൽ നമ്പർ പ്രവേശന നടപടികൾ പൂർത്തിയാകുന്നത് വരെ മാറ്റരുത്. പ്രവേശനത്തെ സംബന്ധിച്ച മെസ്സേജുകൾ ഈ നമ്പറിലേക്കാണ് അയക്കുന്നത്. കൂടാതെ പ്രൊഫൈലിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നതിലേക്കായും മൊബൈൽ നമ്പർ ആവശ്യമാണ്. ആയതിനാൽ ഇ-മെയിൽ ഐ.ഡി. മൊബൈൽ നമ്പർ എന്നിവ വിദ്യാർത്ഥിയുടെയോ രക്ഷകർത്താവിന്റെയോ മാത്രം നൽകുക.

- ഇ.ഡബ്ല്യൂ.എസ്.: (എക്കണോമിക്കലി വീക്കർ സെക്ഷൻ) മറ്റ് സംവരണാനുകൂല്യങ്ങൾ ലഭിക്കാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സംവരണമാണ് ഇ.ഡബ്ല്യൂ.എസ്. വില്ലേജ് ഓഫിസർ നൽകുന്ന സാക്ഷ്യപത്രമാണ് ഈ സംവരണം ലഭിക്കാൻ ആവശ്യമായരേഖ, ബി.പി.എൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ് എന്നിവ ഇതിനായി പരിഗണിക്കുന്നതല്ല. (പ്രോസ്പെക്ടസ് അനുബന്ധം XII കാണുക)

- എസ്.ഇ.ബി.സി: ഈ സംവരണത്തിന് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ആവശ്യമാണ് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കാത്തപക്ഷം ടി സംവരണാനുകൂല്യം ലഭിക്കുന്നതല്ല. ആയതിനാൽ ക്രീമിലെയർ സ്റ്റാറ്റസ് ശ്രദ്ധയോടെ നൽകേണ്ടതും പ്രസ്തുത സംവരണം ക്ലെയിം ചെയ്യുന്ന പക്ഷം നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് കൈവശം കരുതേണ്ടതുമാണ്

- എസ് സി, എസ് ടി, ഒഇസി **മുതലായ സംവരണങ്ങൾക്കും ഒഇസി ഫീസ് ആനുകൂല്യങ്ങൾക്കും** അർഹരായവർ ആയവ തെളിയിക്കാൻ ആവശ്യമായ സർട്ടിഫിക്കറ്റുകൾ അപേക്ഷിക്കുന്ന സമയം തന്നെ കയ്യിൽ കരുതേണ്ടതാണ് (ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകളുടെ വിവരങ്ങൾക്കായി പ്രോസ്പെക്ടസ് ഖണ്ഡിക.4 കാണുക )

- Person With Disability ( P.W.D ): ഭിന്നശേഷി ഉള്ളവർക്കായുള്ള സീറ്റിന് അപേക്ഷിക്കുന്നവർ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് (കാലാവധി 5 വർഷം): സർക്കാർ സാമൂഹ്യക്ഷേമവകുപ്പിന്റെ സർട്ടിഫിക്കറ്റ് എന്നിവ കൈവശം സൂക്ഷിക്കണം. (പ്രോസ്പെക്ടസ് ഖണ്ഡിക 4.3 കാണുക). പെർമനന്റ് ഡിസേബിൾഡ് ആയിട്ടുള്ള വിദ്യാർഥികൾക്ക് അഞ്ചുവർഷ കാലയളവ് ബാധകമല്ല.

- NSS, NCC, SPC, Ex-Servicemen widow or children of jawan and ex-servicemen: മുതലായ മാർക്കുകൾക്ക് അർഹരായവർ ബന്ധപ്പെട്ട

കോളങ്ങൾ ശ്രദ്ധയോടെ പൂരിപ്പിക്കുക (ടൈ വെയിറ്റേജ് സംബന്ധമായ വിവരങ്ങൾക്കായി പ്രോസ്പെക്ടസ് ഖണ്ഡിക 5.4 കാണുക.)

- യു.ഐ.റ്റികളിലും, സ്വാശ്രയകോളേജുകളിലും സർക്കാർ/എയ്ഡഡ് കോളേജുകളെ അപേക്ഷിച്ച് ഉയർന്ന ഫീസ് നിരക്കാണ് നിലവിലുള്ളത്. ആയതിനാൽ യു.ഐറ്റികളും സ്വാശ്രയ കോളേജുകളും ഓപ്ഷനുകളായി നൽകുമ്പോൾ ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കുക. (ഫീസ് നിരക്കുകൾ പ്രോസ്പെക്ടസിൽ അനുബന്ധമായി (Annexure VIII, IX, X) ഉൾപ്പെടുത്തിയിട്ടുണ്ട്.

- **സ്പോർട്സ് ക്വാട്ട:** സ്പോർട്സ് ക്വാട്ടയിലേക്ക് അപേക്ഷിക്കാൻ താല്പര്യമുള്ളവർ "Have you represented any sports competitions" എന്നകോളത്തിൽ "Yes" എന്ന് നൽകേണ്ടതാണ്. അതിനുശേഷം സ്പോർട്ട്സ്മേഖലയിലെ നേട്ടം ഏത് തലത്തിലാണ് എന്നും ഏത് ഇനത്തിലാണ് എന്നും നൽകേണ്ടതാണ്. സർവകലാശാല അംഗീകരിച്ച കായിക ഇനങ്ങൾക്ക് മാത്രമേ ഈ ആനുകൂല്യം ലഭ്യമാവുകയുള്ളൂ എന്നകാര്യം ശ്രദ്ധിക്കുക

  ഇങ്ങനെയുള്ളവർക്ക് സ്റ്റെപ്പ് 5 ന് (ഓപ്ഷനുകൾ നൽകി കഴിഞ്ഞാൽ) ശേഷം സ്പോർട്ട്സ് നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകൾ അപ്ലോഡ് ചെയ്യുന്നതിനായി ഒരു വിൻഡോ ലഭ്യമാവും. വെബ്സൈറ്റിലെ നിശ്ചിത കോളത്തിൽ സ്പോർട്ട്സ് നേട്ടം സെലക്ട് ചെയ്ത് അതിന്റെ സർട്ടിഫിക്കറ്റ് സ്കാൻ ചെയ്ത് അപ്ലോഡ് ചെയ്യേണ്ടതാണ് . അപേക്ഷാർത്ഥിയുടെ ഓരോ നേട്ടങ്ങളുടെയും സർട്ടിഫിക്കറ്റുകളും തുല്യമായ നേട്ടം സെലക്ട് ചെയ്ത് അപ്ലോഡ് ചെയ്യാൻ ശ്രദ്ധിക്കുക. സർട്ടിഫിക്കറ്റുകൾ എത്ര എണ്ണം വേണമെങ്കിലും അപ്ലോഡ് ചെയ്യാവുന്നതാണ്. സർട്ടിഫിക്കറ്റുകൾ അപ്ലോഡ് ചെയ്തു കഴിഞ്ഞാൽ അടുത്ത ഘട്ടത്തിലേക്ക് പോകാവുന്നതാണ്. (സ്പോർട്സ് ക്വാട്ട അഡ്മിഷൻ സംബന്ധിച്ച വിശദ വിവരങ്ങൾക്കായി പ്രോസ്പെക്ടസ് ഖണ്ഡിക 3 കാണുക)

## 2. അക്കാഡമിക്പ്രൊഫൈൽ രജിസ്ട്രേഷൻ:

- പ്ലസ്ടു പാസ്സായ വർഷം, ബോർഡ്, സ്കീം, രജിസ്റ്റർ നമ്പർ, എത്രാമത്തെ തവണയാണ് പ്ലസ്ടു പാസായത് എന്നിവ കൃത്യതയോടെ നൽകേണ്ടതാണ്. ഒന്നിൽ കൂടുതൽ ചാൻസുകൾ ഉപയോഗിച്ച് പ്ലസ്ടു യോഗ്യത പരീക്ഷ പാസായവർ "Number of Appearances" എന്ന കോളത്തിൽ കൃത്യമായ വിവരം (എത്രാമത്തെ തവണയാണ് പാസായത് ) നൽകണം. യോഗ്യതാ പരീക്ഷ പാസ്സാവാൻ എടുക്കുന്ന ഓരോ അധിക ചാൻസിനും ഇൻഡക്സ് മാർക്കിൽ നിന്ന് 10 മാർക്ക്

കുറവുചെയ്യുന്നതാണ്. ആയതിനാൽ ഈ വിവരം ശ്രദ്ധായോടെയും കൃത്യമായും നൽകേണ്ടതാണ് (പ്രോസ്പെക്ടസ് ഖണ്ഡിക 6 കാണുക).

- 2024-2025 അധ്യയനവർഷത്തിൽ കേരള ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി (NSQF) പരീക്ഷ പാസ്സായവർ രജിസ്റ്റർ നമ്പറും വർഷവും നൽകുമ്പോൾ തന്നെ പ്ലസ്ടു പരീക്ഷക്ക് ലഭിച്ച മാർക്കുകൾ **പ്രൊഫൈലിൽ അപ്ഡേറ്റ് ആകുന്നതാണ്.** ആയത് അവരവരുടെ മാർക്ക് ലിസ്റ്റുമായി താരതമ്യപ്പെടുത്തി ശരിയാണ് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. മറ്റ് വിദ്യാർഥികൾ അവരവർക്ക് ലഭിച്ച മാർക്കുകൾ ശ്രദ്ധാപൂർവം രേഖപ്പെടുത്തേണ്ടതാണ്.

- ഓപ്പൺ സ്കൂൾ വിജയിച്ച വിദ്യാർത്ഥികൾ പ്രവേശന സമയത്ത് കേരള സർവകലാശാലയിൽ നിന്നുള്ള തുല്യത സർട്ടിഫിക്കറ്റ് (Eligibility Certificate) കോളേജിൽ ഹാജരാക്കേണ്ടതാണ്. ആയതിനാൽ ടി സർട്ടിഫിക്കറ്റ് മുൻകൂട്ടി കരുതിവയ്ക്കേണ്ടതാണ്.

## 3. ഓപ്ഷനുകൾ നൽകൽ:

- ആദ്യഘട്ടത്തിൽ പരമാവധി 20 ഓപ്ഷനുകൾ മാത്രമേ നൽകാൻ സാധിക്കുകയുള്ളൂ. നൽകുന്ന ഓപ്ഷനുകളിൽ ഏതെങ്കിലും ഒരു കോളേജിൽ അലോട്ട്മെന്റ് ലഭിച്ചു കഴിഞ്ഞാൽ ടി ഓപ്ഷനുശേഷമുള്ള ഒരു ഓപ്ഷനും പിന്നീടുള്ള അലോട്മെന്റുകളിലേക്ക് പരിഗണിക്കുന്നതല്ല. ആയതിനാൽ ഓപ്ഷനുകൾ നൽകുന്നത് വളരെ ശ്രദ്ധാപൂർവം ചെയ്യേണ്ടതാണ്. ഓപ്ഷനുകൾ മുൻകൂട്ടി ധാരണയുണ്ടാക്കി ലിസ്റ്റ് ചെയ്ത് വച്ചശേഷം വിദ്യാർത്ഥികൾക്ക് താല്പര്യമുള്ള കോളേജുകളും കോഴ്സുകളും മാത്രം മുൻഗണന ക്രമത്തിൽ നൽകുക.

## 4. രജിസ്ട്രേഷൻ ഫീസ് ഒടുക്കൽ:

- രജിസ്ട്രേഷൻ ഫീസ് **ഓൺലൈൻ** ആയി അടയ്ക്കേണ്ടതാണ് (ഫീസ് വിവരങ്ങൾ **പ്രോസ്പെക്ടസ് ഖണ്ഡിക 6** ൽ നൽകിയിട്ടുണ്ട്). ഇതിനായി ഇന്റർനെറ്റ് ബാങ്കിങ്, യു.പി.ഐ, ഡെബിറ്റ് കാർഡുകൾ തുടങ്ങിയവ ഉപയോഗിക്കാവുന്നതാണ്. ഫീസ് അടക്കുമ്പോൾ ട്രാൻസാക്ഷൻ എറർ എന്തെങ്കിലും ഉണ്ടായി അക്കൗണ്ടിൽ നിന്നും തുക പോയിട്ടും വീണ്ടും ഫീസ് അടയ്ക്കാനുള്ള നിർദ്ദേശം ലഭിക്കുകയാണെങ്കിൽ സർവകലാശാല അഡ്മിഷൻ വിഭാഗവുമായി ഫോൺ/ഇമെയിൽ/വാട്സ്ആപ് മുഖാന്തിരം ബന്ധപ്പെട്ട് മറുപടി ലഭിച്ചശേഷം മാത്രം വീണ്ടും ഓൺലൈൻ പേയ്മെന്റിന് ശ്രമിക്കുക. മൾട്ടിപ്പിൾ പേയ്മെന്റ് നടന്നാൽ തുക റീഫണ്ട് ചെയ്യാൻ കാലതാമസം നേരിടുന്നതാണ്.

## 5. ഫോട്ടോ, ഒപ്പ് എന്നിവ അപ്‌ലോഡ് ചെയ്യുക:

- ഫോട്ടോ, ഒപ്പ് എന്നിവ അപ് ലോഡ് ചെയ്യുമ്പോൾ നിശ്ചിത ഫോർമാറ്റിലും വലിപ്പത്തിലും മാത്രം ചെയ്യാൻ ശ്രദ്ധിക്കുക.
- Photo with 150px X 200px (Width x Height), maximum 40kb, jpg format only
- Signature with 150px X 60px (Width x Height), maximum 40kb, jpg format only

## 6. ആപ്ലിക്കേഷൻ വെരിഫൈ ചെയ്യുക:

- രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിന് മുൻപ് അപേക്ഷയിൽ നൽകിയ വിവരങ്ങൾ എല്ലാം തന്നെ ശ്രദ്ധയോടുകൂടി വായിച്ച് ഉറപ്പുവരുത്തേണ്ടതാണ്. രജിസ്ട്രേഷൻ പൂർത്തിയാക്കുന്നന് മുൻപായി ആവശ്യമെങ്കിൽ വേണ്ട തിരുത്തലുകൾ വരുത്താവുന്നതാണ്.

## 7. പ്രിന്റ് ഔട്ട് എടുക്കുക:

- രജിസ്ട്രേഷൻ പൂർത്തിയാക്കിയാൽ അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

## 8. പ്രൊഫൈൽ പാസ്സ്‌വേർഡ് :

- രജിസ്ട്രേഷൻ കാലയളവ് പൂർത്തിയാവുന്നതിനുള്ളിൽ അപേക്ഷാർത്ഥിയുടെ അറിവോ സമ്മതമോ കൂടാതെ മറ്റാരെങ്കിലും പ്രൊഫൈലിലെ വിവരങ്ങളിൽ മാറ്റംവരുത്താതിരിക്കാൻ പാസ്സ്‌വേർഡിന്റെ രഹസ്യ സ്വഭാവം നിലനിർത്താൻ ജാഗ്രത പുലർത്തുക.

- അഡ്മിഷൻ നടപടികൾ പൂർത്തിയാകുന്നതു വരെ ആപ്ലിക്കേഷൻ നമ്പറും പാസ്സ്‌വേർഡും ആവശ്യമായതിനാൽ ഇവ ഓർത്തിരിക്കേണ്ടതാണ്. അലോട്ട്മെന്റ് പരിശോധിക്കാനും തുടർ നടപടികൾക്കും ഇവ ആവശ്യമാണ്.

## ശ്രദ്ധിക്കേണ്ടവ

✓ തിരുത്തലുകൾ എന്തെങ്കിലുംഉണ്ടെങ്കിൽ അപേക്ഷ സമർപ്പിച്ചു കഴിഞ്ഞ് നിശ്ചിത സമയത്തിനകം പ്രൊഫൈലിലെ "Completed profile" ലിങ്ക് ക്ലിക്ക് ചെയ്ത്, അപേക്ഷകൻ നൽകിയ വിവരങ്ങളിൽ മാറ്റംവരുത്താവുന്നതാണ്. രജിസ്ട്രേഷൻ അവസാനിക്കുന്നതിന് മുൻപായി പ്രൊഫൈലിൽ എന്ത് മാറ്റം വരുത്തിയാലും അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഓൺലൈൻ

അപേക്ഷയുടെ പ്രിന്റ് ഔട്ട് സർവ്വകലാശാലയിലേക്ക് അയക്കേണ്ടതില്ല. ആയത് പ്രവേശന സമയത്ത് കോളേജിൽ ഹാജരാക്കേണ്ടതാണ്.

✓ വിദ്യാഭ്യാസ യോഗ്യത, സംവരണം. ഗ്രേസ്മാർക്കുകൾ മുതലായവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ അപേക്ഷിക്കുന്ന സമയം തന്നെ കയ്യിൽ കരുതേണ്ടതാണ്. (ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകളുടെ വിശദവിവരം പ്രോസ്പെക്ടസ് ഖണ്ഡിക 10 കാണുക) പ്രവേശനം ലഭിച്ചാൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ കൂടുതൽ സമയം യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.

➢ **അഡ്മിഷൻ സംബന്ധിച്ചുള്ള അതാതു സമയങ്ങളിലെ വിവരങ്ങൾക്ക് സർവകലാശാല പത്രകുറിപ്പുകളും അഡ്മിഷൻ വെബ്സൈറ്റും** (https://admissions.keralauniversity.ac.in/) **ശ്രദ്ധിക്കേണ്ടതാണ്.**

❖ ഹെൽപ്പ് ലൈൻ നമ്പർ : 8281883052 (Whatsapp/ Call),
8281883053 (Call only)

❖ Website : admission.keralauniversity.ac.in

❖ Email id : ach@keralauniversity.ac.in

| WEBSITE | PROGRAMME LIST | E-mail ID |
|---|---|---|
| | | |